LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം പരിഹരിക്കാൻ നടപടി

*23 [100] *ശ്രീ. ജോണി നെല്ലൂർ:*
„ *ഷിബു ബേബി ജോൺ:*
„ *കെ. ബി. ഗണേഷ് കുമാർ:*
„ *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഇതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡീസൽ വില ഉയർന്ന സാഹചര്യത്തിൽ യാത്രക്കൂലി വർദ്ധിപ്പിച്ചു കൊണ്ട് നഷ്ടം ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):*

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ ലാഭകരവും ജനങ്ങൾക്ക് ഉപകാര പ്രദവുമായ രീതിയിൽ സമയവും, റൂട്ടുകളും പുനഃക്രമീകരിച്ച് ഓടിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

സാധുജന സംരക്ഷണ പദ്ധതി

*24 [101] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സാധുജന സംരക്ഷണ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉപഭോക്താക്കളെ നിശ്ചയിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;